(1)	(2)	(3)	(4)
2.	Kerala State Textile Corporation Ltd	Hi Tech Weaving Factory Kannur	27-2-2011
3	SIDCO	Tool Room cum Training Centre Kozhikode-Kerala	20-2-2011
4	TRACO	House Wiring cable Unit, Kannur	19-2-2011
5.	KELTRON	Machining Unit Kuttipuram	18-2-2011
6	KSBC	Hi-Tech Bamboo Tile Factory Kozhikode	27-2-2011
7	KSIE	Container Freight Station, Eranakulam	25-2-2011

മണ്ഡലത്തിൽ ഒരു വ്യവസായം

197(904) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ വ്യവസായശാലകൾ ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ :

(ബി) മണ്ഡലത്തിൽ 'ഒരു വ്യവസായം' എന്ന സർക്കാരിന്റെ നയ പ്രകാരം എത്ര മണ്ഡലങ്ങളിൽ പദ്ധതി നടപ്പിലാക്കി എന്ന് വ്യക്തമാക്കുമോ :

(സി) വടകര മണ്ഡലത്തിൽ ഏതെങ്കിലും തരത്തിലുള്ള പുതിയ വ്യവസായപദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം SSI രജിസ്ട്രേഷനുള്ള 31293 യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. മുഖേന 41 പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 2010-2011 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 10 പുതിയ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കിൻഫ്രയുടെ വിവിധ പാർക്കുകളിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സഹകാര്യ മേഖലയിൽ 223-ഉം കേന്ദ്ര പൊതുമേഖലയിൽ 3-ഉം സംരംഭങ്ങൾക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ നിയോജക മണ്ഡലത്തിലും ഓരോ വ്യവസായ പാർക്കുകൾ എന്ന പദ്ധതി പ്രകാരം സിഡ്കോ 7 നിയോജക മണ്ഡലങ്ങളിൽ വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) വടകര മണ്ഡലത്തിലെ ചോറോട് ഗ്രാമപഞ്ചായത്തിൽ നാളികേരാധിഷ്ഠിത വ്യവസായം തുടങ്ങുന്നതിനുള്ള ഒരു പദ്ധതിയുണ്ട്. കൂടാതെ പ്രസ്തുത പഞ്ചായത്തിൽ വനിതാ വ്യവസായത്തിനുവേണ്ടി 150 Sq.m. ഷെഡിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്.

മണലൂർ നിയോജകമണ്ഡലത്തിൽ വ്യവസായ പാർക്ക്

198(905) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ എത്ര വ്യവസായ പാർക്കുകളാണ് പ്രവർത്തിക്കുന്നത് ;

(ബി) മണലൂർ നിയോജകമണ്ഡലത്തിൽ വ്യവസായ പാർക്കുകൾ പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ ഏതൊക്കെയെന്നറിയിക്കുമോ ;

(സി) ഇല്ലെങ്കിൽ മണലൂർ മണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വ്യവസായ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂർ ജില്ലയിൽ നാല് വ്യവസായ വികസന പ്ലോട്ടുകളും സിഡ്കോയുടെ കീഴിൽ രണ്ട് വ്യവസായ പാർക്കുകളും പ്രവർത്തിക്കുന്നു.

(ബി) പ്രവർത്തിക്കുന്നില്ല.

(സി) മണലൂർ നിയോജക മണ്ഡലത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലം സിഡ്കോയ്ക്ക് കൈമാറുകയാണെങ്കിൽ വികസന പ്രവർത്തനങ്ങൾ നടത്തി വ്യവസായ പാർക്ക് ആരംഭിക്കുന്നതാണ്.

മാവൂരിൽ ഒരു ന്യൂ ജനറേഷൻ ഫാക്ടറി സ്ഥാപിക്കുവാൻ നടപടി

199(906) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ ഗ്രാസിം ഫാക്ടറി സ്ഥിതിചെയ്തിരുന്ന സ്ഥലത്ത് ഒരു ന്യൂ ജനറേഷൻ ഇൻഡസ്ട്രി ആരംഭിക്കുന്ന കാര്യം ഇപ്പോഴും പരിഗണനയിലുണ്ടോ ;

(ബി) പ്രസ്തുത ഇൻഡസ്ട്രി ആരംഭിക്കുന്നതിനായി നടന്ന ചർച്ചകളുടെയും, ഇതുവരെ സ്വീകരിച്ച നടപടികളുടെയും വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly